"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ ശ്രീ.പി.പ്രഭാഷ് ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)35308/2023- ന മേലുള്ള 12.08.2025 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1117/2026/LSGD തീയതി,തിരുവനന്തപുരം, 12-06-2026

പരാമർശം:-

1. സ.ഉ.(എം.എസ്) 88/2010/ത.സ്വ.ഭ.വ, തീയതി 03.05.2010.
2. സ.ഉ.(എം.എസ്) 170/2010/ത.സ്വ.ഭ.വ, തീയതി 06.08.2010.
3. സ.ഉ.(എം.എസ്) 140/2014/ത.സ്വ.ഭ.വ, തീയതി 02.08.2014.
4. പഞ്ചായത്ത് ഡയറക്ടറുടെ 08.12.2022 ലെ PAN/8954/2022-E13(DP) നമ്പർ കത്ത്.
5. സ.ഉ(സാധാ)നം. 1059/2023/തസ്വഭവ. തീയതി 19.05.2023.
6. WP(c)35308/2023 -നമേലുള്ള ബഹു.ഹൈക്കോടതിയുടെ 12.08.2025 ലെ വിധിന്യായം.
7. സ.ഉ.(കൈ)നം.2/2026/തസ്വഭവ, തീയതി 03.01.2026
8. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.04.2026 ലെ LSGD/PD/128381/2024-DEF7 നമ്പർ കത്ത്.

ഉത്തരവ്

03/05/2010 മുതൽ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരനായി സ്ഥിരപ്പെടുത്തുന്നതിനും അതിനെ തുടർന്ന് എല്ലാ ആനുകൂല്യങ്ങളോടും കൂടി ശമ്പളവും അനുവദിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ ശ്രീ.പി.പ്രഭാഷ് ഫയൽ ചെയ്ത WP(C)35308/2023 നമ്പർ കേസിൻമേൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (6) ലെ വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

"... the 1 st respondent to re-consider the question of regularisation of the petitioner in terms of Ext.P2 and if the 300 Librarians who were regularised include persons who were not appointed under the Eleven Point Programme, the case of the petitioner shall also be considered in favour of the petitioner. Necessary orders shall be issued within three months from the date of receipt of a copy of this judgment."

2. 1988 -ൽ സർക്കാർ നടപ്പിലാക്കിയ പതിനൊന്നിന പരിപാടി പ്രകാരം സ്ഥാപിതമായ ഗ്രാമപഞ്ചായത്തുകളിലെ സാംസ്കാരികനിലയം, ശിശുമന്ദിരങ്ങൾ എന്നിവിടങ്ങളിൽ ഹോണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ പരാമർശം (1) പ്രകാരം പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന, ലൈബ്രേറിയന്മാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നവരുടെ സേവന വിവരങ്ങൾ പരിശോധിച്ചപ്പോൾ ഈ തസ്തികകളിൽ ജോലി നോക്കുന്നവരിൽ ചിലർ പതിനൊന്നിന പരിപാടിയിൻ കീഴിൽ നിയമനം ലഭിച്ചിട്ടുള്ളവരല്ലെന്നും മറ്റു ചിലർ തുടർച്ചയായി സേവനം നടത്തുന്നവരെല്ലെന്നും കണ്ടെത്തിയതിനെ തുടർന്ന് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, 31.12.2000- നോ അതിനു മുൻപോ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി നോക്കി വരുന്നതുമായ 300 ലൈബ്രേറിയൻമാർ, 147 നഴ്സറി ടീച്ചർമാർ, 134 ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിന് പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി. മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടാതെ പോയ പഞ്ചായത്തുകൾ, നഗരസഭകൾ മുൻസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ 31.12.2000 തീയതിക്കോ അതിനു മുൻപോ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി നോക്കി വരുന്നതുമായ 19ലൈബ്രേറിയൻമാർ, 19 നഴ്സറി ടീച്ചർമാർ, 11 ആയമാർ എന്നിവരെ പരാമർശം (3) പ്രകാരംപാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു.

3. ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ച് ലൈബ്രേറിയനായി സേവനത്തിൽ തുടരുന്നതാണെന്നും ആയതിനാൽ തന്നെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ പ്രഭാഷ് 5302/2023 നമ്പരായി WP ഫയൽ ചെയ്തിരുന്നു. കരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ് സാംസ്കാരികനിലയം പതിനൊന്നിന പരിപാടി പ്രകാരം നിർമ്മിച്ചതല്ല എന്നും നിലവിലുണ്ടായിരുന്ന കമ്മ്യൂണിറ്റി റിക്രിയേഷൻ സെന്റർ പൂർണ്ണമായും തകർന്നതിനെത്തുടർന്ന് ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇ.എം.എസ് സാംസ്കാരിക നിലയം നിർമ്മിച്ചിട്ടുള്ളതെന്നും ശ്രീ.പി.പ്രഭാഷ് പതിനൊന്നിന പരിപാടിയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയൻ അല്ലാത്തതിനാലും, അംഗീകൃത തസ്തിക ഇല്ലാതെ തന്നെ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി പാർട്ട് ടൈം, ഫുൾ ടൈം കണ്ടിജന്റ് ജോലി ചെയ്തുവരുന്നതുമാണെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. 30.06.2015 ൽ പത്തു വർഷം പൂർത്തിയായവരും, ഇതുവരെ റഗുലറൈസ് ചെയ്യപ്പെടാത്തതുമായ താൽക്കാലിക/കാഷൽ ജീവനക്കാർ എന്നതിൽ ഉൾപ്പെടാത്തതിനാലുമാണ് ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെടാതിരുന്നത് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ശ്രീ.പി.പ്രഭാഷ് പതിനൊന്നിന പരിപാടിയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയൻ അല്ലാത്തതിനാൽ പരാമർശം (2) ന്റെ ആനുകൂല്യം നൽകാനാവില്ലെന്നും കൂടാതെ താൽകാലികമായിട്ടോ ദിവസവേതന അടിസ്ഥാനത്തിലോ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് നിലവിലുള്ള കോടതി വിധികൾക്ക് വിരുദ്ധമായ തീരുമാനവും തെറ്റായ കീഴ്വഴക്കം ആകുകയും ചെയ്യും എന്നതിനാൽ ടിയാന്റെ ആവശ്യം നിരസിച്ചു കൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവാകുകയുണ്ടായി.

4. സാംസ്കാരിക നിലയങ്ങളിലും പഞ്ചായത്ത് ലൈബ്രറികളിലും ശിശു മന്ദിരങ്ങളിലും നഴ്സറി സ്കൂളുകളിലും ഓണറേറിയം/ദിവസ വേതന അടിസ്ഥാനത്തിൽ (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

വഴി പാർട്ട് ടൈം ആയി നിയോഗിച്ച് ഓണറേറിയം / ദിവസ വേതന രീതിയിലേക്ക് മാറ്റിയവർ ഉൾപ്പെടെ) പതിനൊന്നിന പരിപാടിയുടെ ഭാഗമായോ അല്ലാതെയോ നിയമനം ലഭിച്ചവരും നിലവിൽ പത്തോ അതിലധികമോ വർഷമായി തുടർച്ചയായി പ്രവർത്തിച്ച വരുന്നവരുമായ ശ്രീ.പ്രഭാഷ് ഉൾപ്പെടെ 138 ലൈബ്രേറിയൻമാർ, 36 ശിശുമന്ദിരം/ നഴ്സറി സ്കൂൾ ടീച്ചർമാർ, 34 ആയമാർ എന്നിവരിൽ നടപടിക്രമങ്ങൾ പാലിച്ച് നിയമിച്ചവരെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി പരാമർശം (7) ഉത്തരവ് പുറപ്പെടുവിച്ചു. മേൽ ഉത്തരവ് പ്രകാരം Contract/Daily wage employees-നെ സർക്കാർ നിയമ വിരുദ്ധമായി റഗുലറൈസ് ചെയ്തു എന്നാരോപിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ Sri. Vishnu and Others ഫയൽ ചെയ്ത W.P.(C) No. 5487/2021-ലെ Unnumbered IA No. 1/2026 , IA No. 2/2026 നമ്പർ ഹർജികൾ ബഹു. കോടതിയുടെ പരിഗണനയിലാണ്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.പ്രഭാഷ് പതിനൊന്നിന പരിപാടി പ്രകാരം നിയമിക്കപ്പെട്ട ലൈബ്രേറിയൻ അല്ലാത്തതിനാൽ പരാമർശം (1), (2) എന്നീ ഉത്തരവുകളിലെ ആനുകൂല്യം ടിയാന് നൽകുവാൻ സാധിക്കുകയില്ല എന്നതിനാൽ കോഴിക്കോട് കരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ ലൈബ്രേറിയനായി സേവനത്തിൽ തുടരുന്ന ശ്രീ.പ്രഭാഷിന്റെ ആവശ്യം നിരസിച്ചുകൊണ്ടും ടിയാന്റെ നിയമനം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിലെ ആഭ്യന്തരവിജിലൻസ് വിഭാഗത്തെക്കൊണ്ട് അന്വേഷിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നല്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പരാമർശം (6) പ്രകാരമുള്ള ബഹു.കേരള ഹൈക്കോടതിയുടെ WP(C)35308/2023 നമ്പർ മേലുള്ള 12.08.2025 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ.പി.പ്രഭാഷ്, പാർട്ട് ടൈം ലൈബ്രേറിയൻ, കരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോഴിക്കോട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, കരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 107/ഇപിഎ2/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 12-06-2026 18:06:52
സെക്ഷൻ ഓഫീസർ